ഉത്തരം

(എ) 19.9.1990-ലെ സുപ്രീം കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുള്ള താഴെപ്പറയുന്ന താൽക്കാലിക ജീവനക്കാരെ ഇനിയും സ്ഥിരപ്പെടുത്തിയിട്ടില്ല.

1. 4.8.86 നുശേഷം കേരള വാട്ടർ അതോറിറ്റിയിൽ നിയമിതരായവരും 19.9.90-ൽ ഒരു വർഷത്തിൽ കൂടുതൽ സർവ്വീസുള്ളവരും എന്നാൽ നിശ്ചിത യോഗ്യതയില്ലാത്തവരുമായ 32 പേർ.

2. 19.9.90-ൽ ഒരു വർഷത്തിൽ കുറവ് സർവ്വീസുള്ള 171 പേർ.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

## ദണ്ഡപാണി കമ്മീഷൻ ശുപാർശ

**47 (3447)**ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചുവർഷം സർവ്വീസുള്ള എൻ.എം.ആർ ജീവനക്കാരെ, റഗുലറൈസ് ചെയ്യണമെന്ന് ദണ്ഡപാണി കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) പതിനഞ്ചു വർഷം വരെ സർവ്വീസുള്ള എൻ.എം.ആർ. കാരെ റഗുലറൈസ് ചെയ്തിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം ജീവനക്കാരെ റഗുലറൈസ് ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

(സി) എൻ.എം.ആർ. ആയി ജോലി നോക്കുന്ന കേരള പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ നിർവചിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെ പ്രസ്തുത തസ്തികകളിൽ റഗുലറൈസ് ചെയ്യുന്നതിനെതിരായി കോടതി സ്റ്റേ നിലവിലുള്ളതുകൊണ്ടും പി. എസ്.സി. കൺകറൻസ് ലഭിക്കുന്നതിന് പ്രയാസമായതിനാലും ഇത്തരക്കാരെ റഗുലറൈസ് ചെയ്യുവാൻ നിയമം അനുവദിക്കുന്നില്ല. കേസ്സിൽ അനുകൂലമായ തീർപ്പുണ്ടാക്കാൻ ഇത്തരക്കാരെ റെഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ യോഗ്യതയുള്ളവരും അല്ലാത്തവരേയും തരം തിരിച്ച് ലിസ്റ്റ് ഉണ്ടാക്കിയപ്പോൾ യോഗ്യതയുണ്ടായിട്ടും ലിസ്റ്റിൽനിന്നും അവിചാരിതമായ കാരണങ്ങളാൽ വിട്ടുപോയ ചിലരെ യോഗ്യത പരിശോധിച്ച് റെഗുലറൈസ് ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## വാട്ടർ അതോറിറ്റിയിലെ നിയമനം

**48 (3448)**ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിലുള്ള എല്ലാ വിഭാഗം തസ്തികകളിലും പട്ടികജാതി/പട്ടികവർഗ്ഗ സംവരണതത്വം പാലിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ താഴെപ്പറയുന്ന തസ്തികകളിൽ ആകെ അംഗ സംഖ്യയും പട്ടികജാതി/പട്ടികവർഗ്ഗ അംഗസംഖ്യയും എത്രയെന്ന് വ്യക്തമാക്കുമോ;

(1) എൽ.ഡി. ക്ലാർക്ക്

(2) യു.ഡി. ക്ലാർക്ക്

(3) ഹെഡ് ക്ലർക്ക്

(4) ജൂനിയർ സൂപ്രണ്ട്

(5) ഡിവിഷണൽ അക്കൗണ്ടന്റ്

(6) ഓവർസിയർ മൂന്നാംഗ്രേഡ്

(7) ഓവർസിയർ രണ്ടാംഗ്രേഡ്

(8) ഓവർസിയർ ഒന്നാംഗ്രേഡ്

(9) ഡ്രാഫ്റ്റ്സ്മാൻ

(10) അസി.എഞ്ചിനീയർ

(11) അസി. എക്സി. എഞ്ചിനീയർ

(12) എക്സിക്യൂട്ടീവ് എഞ്ചിനീയർ

(സി) വാട്ടർ അതോറിറ്റിയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തിരം അസി. എഞ്ചിനീയർ ആയി നിയമിച്ചിട്ടുള്ള ഡിപ്ലോമ യോഗ്യതയുള്ളവരെ പ്രൊമോഷൻ ഒഴിവിലാണോ നേരിട്ടുള്ള നിയമന ഒഴിവിലാണോ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലുള്ള നിയമനമനുസരിച്ചുള്ള സംവരണം പാലിച്ചുകൊണ്ടാണ് പി.എസ്.സി. അഡ്വൈസ് ചെയ്യാറുള്ളത്.

(ബി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനത്തിനായി കാലാകാലങ്ങളിൽ റിസർവ് ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഡിഗ്രി-ഡിപ്ലോമ-സർട്ടിഫിക്കറ്റ് കാറ്റഗറിക്ക് പുറത്ത് ഒരു പ്രത്യേക ബ്ലോക്കായി നിർത്തുകയാണ് പതിവ്.

## പെരുവണ്ണാമൂഴി ശുദ്ധജലവിതരണ പദ്ധതി

**49 (3449)**ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി ശുദ്ധജല വിതരണ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ?

---

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

മേൽ സൂചികയനുസരിച്ച് വൈക്കം വെൽഫയർ ഹോസ്റ്റലിലെ കുക്കായിരുന്ന ശ്രീമതി സരസമ്മ കൃഷ്ണനെ പ്രൊമോട്ടു ചെയ്ത് നാട്ടകം കോസ്മോപൊളിറ്റൻ ഹോസ്റ്റലിൽ ഹെഡ്കുക്കായി നിയമിച്ചുത്തരവായിട്ടുണ്ട്. എന്നാൽ ശ്രീമതി സരസമ്മ കൃഷ്ണൻ ഭക്ഷണം പാകം ചെയ്തു കൊടുക്കുന്നത് പിടിക്കുന്നില്ല എന്ന് ഹോസ്റ്റൽ അന്തേവാസികൾ പരാതി സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നാട്ടകം കോസ്മോപൊളിറ്റൻ ഹോസ്റ്റലിൽ കുക്കായി പ്രൊമോട്ടു ചെയ്ത് നിയമിച്ച ശ്രീമതി സരസമ്മ കൃഷ്ണന്റെ പ്രമോഷൻ റദ്ദു ചെയ്ത് വൈക്കം വെൽഫയർ ഹോസ്റ്റലിൽ 280-400 രൂപ ശമ്പള സ്കെയിലിൽ ശ്രീമതി ത്രേസ്യാമ്മ വർഗ്ഗീസിന്റെ അവധി ഒഴിവിൽ കുക്കായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീമതി സരസമ്മ കൃഷ്ണനെ നാട്ടകം ഹോസ്റ്റലിലെ റസിഡന്റു ട്യൂട്ടർ ഉടൻതന്നെ റിലീവ് ചെയ്ത് അയയ്ക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യുകയും ചെയ്യേണ്ടതാണ്.

ഒപ്പ്,
ജില്ലാ വെൽഫയർ ഓഫീസർ

ശ്രീമതി സരസമ്മ കൃഷ്ണൻ,
ഹെഡ് കുക്ക്,
നാട്ടകം കോസ്മോപൊളിറ്റൻ ഹോസ്റ്റൽ

പകർപ്പ് :- റസിഡന്റ് ട്യൂട്ടർ, കോസ്മോപൊളിറ്റൻ ഹോസ്റ്റൽ, നാട്ടകം
താലൂക്ക് വെൽഫയർ ഓഫീസർ, വൈക്കം
കെ1/കെ2 ന്റെ കരുതൽ ഫയൽ.

## അനുബന്ധം XI

**(28.3.2000-ലെ ചോദ്യം 48 (3448)-ന്റെ ഉത്തരം ദയവായി കാണുക.)**

| തസ്തിക | ആകെ | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|---|
| എൽ.ഡി. ക്ലാർക്ക് | 541 | 42 | 9 |
| യു.ഡി. ക്ലാർക്ക് | 548 | 43 | 6 |
| ഹെഡ് ക്ലാർക്ക് | 98 | 10 | 2 |
| ജൂനിയർ സൂപ്രണ്ട് | 90 | 24 | – |
| ഡിവിഷണൽ അക്കൗണ്ടന്റ് | 48 | 1 | – |
| ഓവർസിയർ മൂന്നാംഗ്രേഡ് | 411 | 37 | 1 |
| ഓവർസിയർ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് II | 402 | 36 | 3 |
| ഓവർസിയർ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് I | 411 | 58 | 2 |
| അസി. എൻജിനീയർ | 375 | 44 | 1 |
| അസി.എക്സി.എൻജിനീയർ | 218 | 13 | 2 |
| എക്സി. എൻജിനീയർ | 74 | 11 | – |

LIBRARY ARCHIVES Kerala Legislative Assembly